മാധ്യമം

# രോഗികളല്ല, പ്രതിഭകളാണവർ

## ഏപ്രിൽ 2 ലോക ഓട്ടിസം ദിനം

കെ.എ. സൈഫുദ്ദീൻ

സൗകര്യത്തിന് നമുക്കവനെ വിഷ്ണു എന്നു വിളിക്കാം. ആറുവയസ്സു കഴിഞ്ഞതേയുള്ളൂ കക്ഷിക്ക്. പക്ഷേ, വികൃതിത്തരം പിഎച്ച്.ഡിക്കാണ് പഠിക്കുന്നതെന്ന് അവന്റെ അമ്മ പറയും. ദിനചര്യ, പഠനം ഇത്യാദി കാര്യങ്ങളിലൊന്നും മൂപ്പർക്ക് വലിയ താൽപര്യമില്ല. കളിയിൽപോലും താൽപര്യമില്ലെന്നാണ് അമ്മയുടെ പരാതി. സംഗതി ശരിയുമായിരുന്നു. അവൻ അവന്റെ ലോകത്തിലെ മറ്റാരും കാണാത്ത ഏതോ ഒരു കോണിൽപോയി നിൽക്കുകയായിരുന്നു.

അക്ഷരങ്ങൾ ഒന്നും അവനറിയില്ല. ആരുടെയും മുഖത്തുനോക്കി ചിരിക്കുന്നുപോലുമില്ല. എല്ലാവരിൽനിന്നും അകന്നുനിൽക്കാനാണ് ആഗ്രഹം. അക്ഷരങ്ങൾ അവന്റെ മുന്നിൽ അജ്ഞാതമായി നിന്നു. അപ്പോഴാണ് ഇലക്ട്രോണിക്സ് പിയാനോയുടെ കീബോർഡിൽ വിരലുകളമർത്തി ഒരാൾ ഒരു ഈണം വായിച്ചത്. അതുവരെ ഒന്നിലും ശ്രദ്ധിക്കാതെ നിന്ന വിഷ്ണുവിന്റെ കാതിൽ ആ ശബ്ദം എത്തി. അവൻ കീബോർഡിലേക്ക് തുറന്നുപിടിച്ച കണ്ണുകളുമായി തറപ്പിച്ചുനോക്കി. ഒരിക്കൽകൂടി കീബോർഡിൽ ആ ഈണം അയാൾ വായിച്ചു. അവൻ മെല്ലെ കീബോർഡിനടുത്തുവന്നു. അതിന്റെ കട്ടകളിൽ വിരലമർത്തി അയാൾ വായിച്ച അതേ ഈണം വരവണ്ണം തെറ്റാതെ വായിച്ചു.

ഇത്രകാലം അവനൊപ്പം രാപ്പകൽ കഴിഞ്ഞ അച്ഛനമ്മമാർക്കുപോലും വിശ്വസിക്കാൻ കഴിഞ്ഞില്ല വിഷ്ണുവിന് അതെങ്ങനെ കഴിഞ്ഞുവെന്ന്. അതിനു മുമ്പ് ഒരിക്കൽപോലും വിഷ്ണു ഒരു കീബോർഡ് കൈകൊണ്ട് തൊട്ടിരുന്നില്ല. ബുദ്ധിമാന്ദ്യത്തിന്റെ കണക്കിൽ കൊള്ളിച്ച് അവനെ മാറ്റിനിർത്തിയിരിക്കുകയായിരുന്നു. എന്നിട്ടും ആദ്യ ശ്രവണമാത്രയിൽ, ആദ്യ കാഴ്ചയിൽ അവന്റെ വിരലുകളിലേക്ക് എവിടെനിന്നാണ് സംഗീതം ഒഴുകിവന്നത്...?

അതുകണ്ട് അമ്പരന്നുനിന്ന വിഷ്ണുവിന്റെ മാതാപിതാക്കളോട് തെറപ്പിസ്റ്റ് പറഞ്ഞു: "നിങ്ങൾ വിശ്വസിക്കണം, നിങ്ങളുടെ മകൻ ഒരു ജീനിയസ് ആണ്..." അതുവരെ അവനൊരു മണ്ടനും തലയിൽ കയറാത്തവനും മനോവൈകല്യമുള്ളവനുമാണെന്ന് കരുതി സ്പെഷൽ സ്കൂളിലേക്ക് അയക്കുന്നതിനെക്കുറിച്ച് ആലോചിച്ചിരുന്ന മാതാപിതാക്കൾക്ക് ആ വാക്കുകൾ തങ്ങളെ ആശ്വസിപ്പിക്കാൻ പറഞ്ഞ നുണയായാണ് ആദ്യം തോന്നിയത്. പക്ഷേ, കാലം അതു തെളിയിച്ചു. അവന്റെ പ്രശ്നം മനോരോഗമൊന്നുമായിരുന്നില്ല. ഓട്ടിസം എന്ന അവസ്ഥയായിരുന്നു. അതിന് പരിഹാരവുമുണ്ട്. ഏതാണ്ട് ആറു മാസത്തെ തെറപ്പികൊണ്ട് വിഷ്ണു ഏതൊരു കുട്ടിയെക്കാളും മിടുമിടുക്കനായാണ് സെൻറർ വിട്ട് പൊതുവിദ്യാലയത്തിലേക്ക് പോയത്.

കോട്ടയം കെ.എസ്.ആർ.ടി.സി ബസ്സ്റ്റാൻഡിന് പിൻവശം എം.എൽ റോഡിലെ 'ജ്യുവൽ ഓട്ടിസം സെൻററി'ലിരുന്ന് ഈ സംഭവം പറയുമ്പോൾ ഡയറക്ടർ ഡോ. ജെയിംസൺ സാമുവലിന് ഓട്ടിസത്തെക്കുറിച്ച് ഓർമപ്പെടുത്താൻ നൂറുനൂറു കാര്യങ്ങളുണ്ട്. ഓട്ടിസം ഒരു രോഗമല്ലെന്ന് അദ്ദേഹം ആവർത്തിച്ചുപറയുന്നു.



ജ്യുവൽ ഓട്ടിസം സെൻററിൽ നിന്ന്

**എന്താണ് ഓട്ടിസം?**

2017ലെ കണക്കനുസരിച്ച് ഇന്ത്യയിൽ 13 ദശലക്ഷം കുട്ടികൾ ഓട്ടിസം ബാധിച്ചവരാണത്രെ. ശരാശരി 68 കുട്ടികളിൽ ഒരാൾ ഓട്ടിസത്തിന്റെ പിടിയിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

തലച്ചോറിലുണ്ടാകുന്ന അതീവ സങ്കീർണമായ ഒരു അവസ്ഥയാണിത്. പലതരത്തിലുള്ള ലക്ഷണങ്ങളോടെ ഇത് കുട്ടികളിൽ അനുഭവപ്പെടുന്നു. പ്രധാനമായും കുട്ടിയുടെ ജീവിതത്തി
ന്റെ മൂന്നു മേഖലകളെയാണ് ഇത് ബാധിക്കുന്നത്. ആശയവിനിമയം, സാമൂഹിക ബന്ധം, സ്വഭാവം അഥവാ പെരുമാറ്റം.

പ്രധാനമായും ഓട്ടിസം ജനിതകമായ സവിശേഷതയാൽ ഉണ്ടാകുന്നതാകാമെന്നാണ് നിഗമനം. ആധുനിക ജീവിതശൈലി മാതാപിതാക്കളിൽ സൃഷ്ടിക്കുന്ന സംഘർഷവും മറ്റും ജനിതകമായി കുട്ടിയിലേക്ക് കൈമാറ്റം ചെയ്യപ്പെടാം. ഗർഭകാലത്ത് മാതാവ് കഴിക്കുന്ന മരുന്നും പ്രസവഘട്ടത്തിലെ അവസ്ഥാമാറ്റങ്ങളും തുടങ്ങി ഏതും ഇതിനു കാരണമായിത്തീരാം. പെൺകുട്ടികളെക്കാൾ നാല് മടങ്ങ് ആൺകുട്ടികളിൽ ഓട്ടിസം കൂടുതലായി കണ്ടുവരുന്നുവെന്ന് ഡോ. ജെയിംസൺ പറയുന്നു.

**എങ്ങനെയാണ് തിരിച്ചറിയുക?**

ഒന്നരവയസ്സിനും രണ്ടു വയസ്സിനുമിടയിലെ പ്രായത്തിലാണ് ഓട്ടിസത്തിന്റെ ലക്ഷണങ്ങൾ കുട്ടിയിൽ പ്രകടമാവുക. അപൂർവം ചിലരിൽ അത് ജനിച്ച് ഏറെ വൈകാതെ കണ്ടെത്താൻ കഴിഞ്ഞേക്കും.

ആളുകളുടെ മുഖത്തുനോക്കി സംസാരിക്കുക എന്നത് കുട്ടികളിൽ രൂപപ്പെടേണ്ട ഒരു സവിശേഷതയാണ്. മുഖത്തുനോക്കുകയോ അതിനനുസൃതമായ ആശയവിനിമയത്തിൽ പിന്നാക്കമാവുകയോ ചെയ്യുകയാണ് ഓട്ടിസത്തിന്റെ ഒരു ലക്ഷണം. അവർ ചിരിക്കില്ല. നിരന്തരം ഒരേ ചേഷ്ടകൾ ആവർത്തിച്ചുകൊണ്ടിരിക്കും. ഉദാഹരണമായി, വിരലുകൾ ഒരേരീതിയിൽ ചലിപ്പിച്ചുകൊണ്ടിരിക്കുക, കൈയടിച്ചുകൊണ്ടിരിക്കുക, കാലിന്റെ ഉപ്പൂറ്റി പൊക്കിനടക്കുക, വട്ടം കറങ്ങുക, ഒരാവശ്യവുമില്ലാതെ അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കൊണ്ടിരിക്കുക, ചെയ്യുന്ന കാര്യങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുക, കതകടക്കുക, തുറക്കുക, കളിപ്പാട്ടങ്ങൾ കിട്ടിക്കഴിഞ്ഞാൽ അതുപയോഗിച്ച് കളിക്കുന്നതിനുപകരം അത് അടിച്ച് ശബ്ദമുണ്ടാക്കുക തുടങ്ങിയവ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ കുഞ്ഞിനെ ശ്രദ്ധിക്കണം.

രണ്ടുവയസ്സാകുന്ന കുട്ടി സ്വന്തം ആവശ്യങ്ങൾ വാക്കുകളിലൂടെ പറഞ്ഞറിയിക്കേണ്ടതാണ്. മിനിമം 50 വാക്കുകളെങ്കിലും അർഥപൂർണമായി പ്രയോഗിക്കാൻ കുട്ടിക്ക് കഴിഞ്ഞിരിക്കണം. രണ്ട് രണ്ടര വയസ്സാവുന്ന കുട്ടികൾ മുതിർന്നവരെ അനുകരിക്കാനുള്ള പ്രവണത കാണിക്കേണ്ടതാണ്. അതിൽ അവർ വിമുഖത കാണിക്കുകയും തങ്ങളുടെ ലോകത്തിൽ വ്യാപരിക്കുകയും ചെയ്യുകയാണെങ്കിൽ ശ്രദ്ധിക്കണം. ഒരു വസ്തുവിലോ ഒരു കാര്യത്തിലോ ശ്രദ്ധിക്കാൻ ഇക്കൂട്ടർക്കാവില്ല. നമ്മൾ അവരോട് സംസാരിച്ചാലും പ്രതികരിക്കാതെ ഇരിക്കും. പേരു വിളിച്ചാൽ തിരിഞ്ഞുനോക്കുകയില്ല. നമ്മൾ പറയുന്ന നിർദേശങ്ങൾ ഒന്നും കുട്ടി മനസ്സിലാക്കില്ല. മറ്റു കുട്ടികളുമായി കളിക്കില്ല. ആളുകളുമായി ഇടപഴകാൻ തീരെ താൽപര്യമുണ്ടാവുകയില്ല. ചിലർ കരുതും ചെവി കേൾക്കില്ല എന്ന്. പക്ഷേ, ടി.വിയിൽ അവർക്ക് താൽപര്യമുള്ള പരസ്യങ്ങൾ പോലുള്ള പരിപാടികൾ വന്നാൽ കാണും.



ജ്യുവൽ ഓട്ടിസം സെൻററിലെ അംഗങ്ങൾ ഡയറക്ടർ ഡോ. ജെയിംസൺ സാമുവലിനും ഡോ. ജെൻസി ബ്ലസനും ഒപ്പം

തലച്ചോർ, പഞ്ചേന്ദ്രിയങ്ങൾകൊണ്ട് കാര്യങ്ങളെ മനസ്സിലാക്കുന്ന പ്രക്രിയ ഇവരിൽ സാവധാനത്തിലായിരിക്കും. പഞ്ചേന്ദ്രിയങ്ങൾവഴി ലഭിക്കുന്ന വിവരങ്ങൾ തലച്ചോറിൽ എത്തുന്നതിലുണ്ടാകുന്ന വീഴ്ചയാണ്. ചിലരിൽ അധികം സംവേദനവും (hypersensitive) മറ്റു ചിലരിൽ കുറവ് സംവേദനവും (hypo sensitive) കാണാം. ചിലർക്ക് വേദനാനുഭവം കുറവായിരിക്കും. അവരെ പിച്ചിയാലും മാന്തിയാലുമൊന്നും അവർക്ക് പ്രശ്നമുണ്ടാവില്ല. മറ്റു ചിലരെ നമ്മൾ സ്നേഹത്തോടെ കെട്ടിപ്പിടിച്ചാലും അവർക്കത് അസ്വസ്ഥത ഉണ്ടാക്കും. മുടി ചീകുന്നതുപോലും വേദനകരമായ ഒരു അനുഭവമായിരിക്കും.

ചില കുട്ടികൾ ഊഞ്ഞാലിൽ കയറുന്നതിനു മുമ്പുതന്നെ ഭയക്കാൻ തുടങ്ങും. മറ്റുചിലർ ഊഞ്ഞാലിൽ എത്ര ആട്ടിയാലും ഉയരത്തിൽ ആട്ടിയാലും ഒട്ടും ഭയക്കാതെ ഇരിക്കും. ചിലർ ഉച്ചത്തിൽ ശബ്ദമുണ്ടാക്കി ആസ്വദിക്കും. മറ്റുചിലർ നേരേ തിരിച്ചായിരിക്കും. അവർക്ക് ശബ്ദം താങ്ങാനാവില്ല. വികാരങ്ങൾ മനസ്സിലാക്കാനും അതിനനുസരിച്ച് പെരുമാറാനും കഴിയുന്നില്ല. മിക്കവരും നല്ല സൗന്ദര്യവും ആരോഗ്യമുള്ളവരുമായിരിക്കും. കണ്ടാൽ ഒരു കുഴപ്പവും പറയാത്തവർ. എം.ആർ.ഐ എടുത്തുനോക്കിയാൽ ഒന്നും മനസ്സിലാക്കാൻ കഴിയില്ല.




ഡോ. ജെയിംസൺ ക്ലാസെടുക്കുന്നു

**എന്താണ് പ്രതിവിധി?**

ഓട്ടിസം ബാധിച്ചവരെ മനോവൈകല്യമുള്ളവരായാണ് കേരളത്തിൽപോലും കാണുന്നതെന്ന് ജെയിംസൺ പറയുന്നു. അവരെ മനോവൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷൽ സ്കൂളുകളിൽ അയക്കുകയാണ് പതിവ്. നമ്മുടെ വൈദ്യസമൂഹംപോലും ഇതെങ്ങനെ കണ്ടെത്തി പരിഹരിക്കാം എന്ന കാര്യത്തിൽ തികഞ്ഞ ആശയക്കുഴപ്പത്തിലാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. മനോരോഗികളായി കാണുകയും അവർക്കു കൊടുക്കുന്ന മരുന്നുകൾ നൽകുകയുമാണ് ഇപ്പോഴും ചെയ്യുന്നത്.

ഓട്ടിസം ബുദ്ധിമാന്ദ്യമല്ല. അപാര ബുദ്ധിയുള്ളവരും അവരിലുണ്ട്. വിഷ്ണുവിനെപ്പോലെ അസാമാന്യപ്രതിഭ പ്രകടിപ്പിക്കുന്നവർ വരെയുണ്ട്. ഞങ്ങളുടെ സെൻററിൽ കൊണ്ടുവന്ന ഒരു കുട്ടിക്ക് കണക്കിൽ അപാര മിടുക്കായിരുന്നു. അവൻ വലിയവലിയ സംഖ്യകൾ കാൽക്കുലേറ്ററിന്റെയോ വഴിയോ ഒന്നും എഴുതിനോക്കുകപോലും ചെയ്യാതെ ഗുണിച്ച് നിമിഷനേരംകൊണ്ട് ഉത്തരം പറഞ്ഞ് ഞെട്ടിച്ചുകളഞ്ഞു. കണക്കിലല്ലാതെ അവന് മറ്റൊന്നിലും താൽപര്യമില്ലായിരുന്നു. വെറും നാലുമാസത്തെ പരിശീലനംകൊണ്ട് അവനെ വളരെയധികം മാറ്റിയെടുക്കാൻ കഴിഞ്ഞു. മറ്റൊരു അനുഭവം ജെയിംസൺ വിവരിക്കുന്നു.

എല്ലാ കുട്ടികൾക്കും ഒരേ ചികിത്സ നൽകുകയല്ല വേണ്ടതെന്ന് അദ്ദേഹം പറയുന്നു. നാലുവയസ്സിനു മുമ്പായി ഓട്ടിസം തിരിച്ചറിഞ്ഞാൽ വലിയൊരു ശതമാനം കുട്ടികളെ കുറഞ്ഞ ചികിത്സയും പരിചരണവുംകൊണ്ട് ഒരു പരിധിവരെ അതിൽനിന്ന് മോചിപ്പിക്കാനാവും.

പ്രത്യേകം തയാറാക്കിയ ക്ലാസ് മുറിയും പ്രത്യേക സംവിധാനങ്ങളും മികച്ച പരിശീലനം നേടിയ ഒക്കുപേഷനൽ തെറാപ്പിസ്റ്റുകളും സ്പീച് തെറാപ്പിസ്റ്റുകളും അടക്കം നാൽപതോളം സ്റ്റാഫുമുണ്ട് ജ്യുവൽ ഓട്ടിസം സെന്ററിൽ. ഭാര്യ ജെൻസി ബെൻസണാണ് സെന്ററിന്റെ ജോയന്റ് ഡയറക്ടർ. രക്ഷിതാക്കളുടെ ഒപ്പമാണ് കുട്ടികളെ ഇവിടെ തെറാപ്പിക്കും ചികിത്സയ്ക്കും വിധേയമാക്കുന്നത്. അവരെ എങ്ങനെ കൈകാര്യം ചെയ്യണം എന്ന കാര്യത്തിൽ വീട്ടിനുള്ളിൽനിന്നു തന്നെ ആരംഭിക്കണം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണിത്.

ഓട്ടിസത്തിൽ നിന്ന് മുക്തി നേടിയ കുട്ടികളെ പൊതു വിദ്യാലയത്തിലേക്ക് അയക്കുകയാണ് ചെയ്യുക. പലപ്പോഴും ഇത്തരം കുട്ടികളെ സ്വീകരിക്കുന്നതിൽ സ്കൂളുകൾ വിമുഖത കാണിക്കുന്നതായി ജെയിംസൺ പറയുന്നു. സർക്കാർ തലത്തിലെ ഇടപെടലുകൾ ഇക്കാര്യത്തിൽ ആവശ്യമാണെന്നും അദ്ദേഹം പറയുന്നു.
സുനാമി ദുരിതാശ്വാസത്തിന്റെ ഭാഗമായി ലോക ആരോഗ്യ സംഘടനയുടെ പ്രൊജക്ടിൽ പ്രവർത്തിച്ചിരുന്ന കാലത്ത് നേരിൽ കണ്ട കുഞ്ഞുങ്ങളുടെ ദുരിതത്തിൽ നിന്നാണ് ജെയിംസൺ ഓട്ടിസത്തിന്റെ ലോകത്തിലേക്ക് തിരിഞ്ഞത്. വിദഗ്ധാഭിപ്രായങ്ങളും നിർദേശങ്ങളും നൽകാൻ അദ്ദേഹം എപ്പോഴും സന്നദ്ധനുമാണ്.

9745451747, 9846565524 എന്നതാണ് ജ്യുവൽ ഓട്ടിസം സെന്ററിന്റെ നമ്പർ
jewelautismcentre.com
jewelcentreforautism@gmail.com